


(1) ഹരികനോബ, (2) സോമദേവ് സ്വാമി (3) നാനാസാഹെബ് ചന്ദ്രോർക്കർ എന്നിവരുടെ കഥകൾ

## മുഖവുര

വേദങ്ങൾക്കോ പുരാണങ്ങൾക്കോ ബ്രഹ്മത്തെ അഥവാ സദ്ഗുരുവെപറ്റി വേണ്ടപോലെ പുകഴ്ത്താൻ കഴിഞ്ഞിട്ടില്ല. പിന്നെ എങ്ങനെയാണ് അജ്ഞരായ നമുക്ക് നമ്മുടെ സദ്ഗുരു ശ്രീ സായിബാബയെ വിവരിക്കാൻ കഴിയുന്നത്? അതിൽ നിശ ബ്ദമായിരിക്കുന്നതാണ് യുക്തമെന്ന് നമുക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ മൗനവ്രതമാണ് സദ്ഗുരുവിനോടുള്ള ഏറ്റവും വലിയ പ്രശംസിക്കൽ. പക്ഷെ ബാബയുടെ സൽഗുണങ്ങൾ ആ മൗനവൃതം ഭഞ്ജിച്ച് നമ്മെ സംസാരിക്കാൻ പ്രേരിതരാക്കുക യാണ്. നല്ല ഭക്ഷണം ഒറ്റക്ക് കഴിക്കുമ്പോൾ സുഖം തോന്നില്ല. നമ്മുടെ സ്നേഹിതന്മാരും ബന്ധുക്കളും ചേർന്നിരുന്ന് കഴിച്ചാൽ

കൂടുതൽ സ്വാദിഷ്ടമാവും. അതുപോലെത്തന്നെയാണ് സായി ലീലാമൃതവും. ഈ അമൃതം നാമൊറ്റക്ക് കഴിക്കേണ്ടതല്ല സുഹൃത്തുക്കളും സഹോദന്മാരും നമ്മുടെ കൂടെ ചേരണം - എത്രയധികം പേരുണ്ടോ അത്രയും നല്ലത്.

സായിബാബ തന്നെയാണ് ഈ കഥകൾക്ക് പ്രചോദനം തന്ന് ബാബയുടെ ഇഷ്ടാനുസരണം എഴുതിക്കുന്നത്. നമ്മുടെ ചുമതല, സായിബാബയിൽ സർവവും അർപ്പിച്ച് ബാബയെ തന്നെ ധ്യാനിക്കൽ മാത്രമാണ്. തപശ്ചര്യ, തീർത്ഥയാത്ര, വ്രതം, യജ്ഞം, ധർമ്മം എന്നിവയെക്കാൾ കേമമാണ് ഹരിപൂജ. തപസ്സിനെക്കാളും സദ്ഗുരുവെ ധ്യാനിക്കൽ ഹരി പൂജയെക്കാളും മെച്ചപ്പെട്ടതാണ്. അതുകൊണ്ട് നാക്കുകൊണ്ട് സായിനാമം ജപിച്ചും, ബാബയുടെ അമൃതവാണികൾ മനസ്സുകൊണ്ട് സ്മരിച്ചും, ബാബയുടെ രൂപത്തെ ധ്യാനിച്ച്, ബാബയെപറ്റി ഹൃദയത്തിൽ യഥാർത്ഥപ്രേമം വളർത്തി എല്ലാ കർമ്മങ്ങളും ബാബക്കു വേണ്ടി ചെയ്യുക. സംസാരബന്ധം മുറിക്കാൻ ഇതിലേറെ മറ്റൊരു മാർഗ്ഗവുമില്ല. നമ്മുടെ ചുമതല, മേൽപറഞ്ഞവിധം നാം ചെയ്താൽ സായിനമ്മെ സഹായിച്ച് മോചിതരാക്കാൻ ബാദ്ധ്യസ്ഥനാണ്. ഇനി നമുക്ക് ഈ അദ്ധ്യയത്തിലെ കഥയിലേക്കു മടങ്ങാം.

## ഹരി കനോബ

ബോംബയിലെ ഒരു മാന്യനായ ഹരി കനോബ, ബാബയുടെ ലീലകളെപ്പറ്റി പല സുഹൃത്തുക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും കേൾക്കാനിടയായി. പ്രകൃതാ ഒരു സംശയാലുവായതിനാൽ അയാളവയിലൊന്നും വിശ്വസിച്ചില്ല. അയാൾക്ക് നേരിട്ട് ബാബയെ ഒന്നു പരീക്ഷിക്കണമെന്നായി. അങ്ങനെ ചില

സ്നേഹിതന്മാരോടുകൂടി അയാൾ ഷിർദ്ദിയിൽ വന്നു. അയാൾ തലയിൽ ഒരു കസവ്തലകെട്ടും കാലിൽ ഒരു പുതിയ ജോഡി ചെരുപ്പും ധരിച്ചിരുന്നു. ബാബയെ ദൂരെവെച്ചു കണ്ടപ്പോൾതന്നെ അടുത്തുപോയി നമസ്കരിക്കണമെന്നയാൾ തീർച്ചയാക്കി. പുതിയ ചെരുപ്പ് എന്തുചെയ്യണമെന്നായി. എന്നിട്ടും തുറന്ന മുറ്റത്ത് ഒരു മൂലക്കൽപോയി ചെരുപ്പൂരിവെച്ച് വന്ന് ബാബയെ നമസ്കരിച്ചു. ബാബയുടെ കയ്യിൽ നിന്ന് ഉധിയും പ്രസാദവും വാങ്ങി മടങ്ങി വന്ന് മൂലക്ക് ചെന്ന് നോക്കുമ്പോൾ ചെരുപ്പ് കാണാനുണ്ടായിരുന്നില്ല. കുറെ വെറുതെ തിരഞ്ഞു നിരാശനായി താമസസ്ഥലത്തേക്കുപോയി.

കുളി കഴിഞ്ഞ് പൂജയും നിവേദ്യവും കഴിഞ്ഞ് ഉണ്ണാനിരുന്നു. ആ സമയം മുഴുവൻ അയാൾ ചെരുപ്പിനെപറ്റി തന്നെ ചിന്തിക്കയായിരുന്നു. ഊണ് കഴിഞ്ഞ് കൈ കഴുകുമ്പോൾ ഒരു മറാത്തി പയ്യൻ അടുക്കലേക്ക് വരുന്നത് കണ്ടു. അവന്റെ കയ്യിൽ ഉയർത്തി പിടിച്ച ഒരു വടിയും വടിയുടെ തലക്കൽ ഒരു ജോഡി പുതിയ ചെരുപ്പ് തൂക്കിയിട്ടും ഉണ്ട്. അവൻ കൈകഴുകാൻ വന്നവരോട്, ബാബ ഈ വടി അവനെ ഏല്പിച്ചതാണെന്നും നിരത്തിലൂടെ "ഹരിയുടെ മകൻ ജരിക തലയിൽ കെട്ടിയവൻ" എന്ന് വിളിച്ചു പറയാനും ആരെങ്കിലും ചെരുപ്പിന്റെ ഉടമയാണെന്ന് പറഞ്ഞാൽ അയാളുടെ പേർ ഹരിയാണോ എന്നും 'ക' കാരം പേരായ ആളുടെ മകനാണോ എന്നും കസവ് തലേക്കെട്ടുണ്ടോ എന്നും നോക്കി തൃപ്തിപ്പെട്ടാൽ അയാൾക്കു കൊടുക്കാനും ഏല്പിച്ച് തന്നതാണെന്നും പറഞ്ഞു. ഇതുകേട്ട് ഹരി കനോബ സന്തുഷ്ടനും വിസ്മിതനുമായി. അയാൾ കുട്ടിയുടെ അടുക്കൽ ചെന്ന് ചെരുപ്പിന്റെ ഉടമ താനാണെന്ന് പറഞ്ഞു. അയാൾ കുട്ടിയോട് തന്റെ പേർ ഹരിയെന്നാണെന്നും അയാൾ കനോബയുടെ മക

നാണെന്നും കസവ് തലേക്കെട്ട് കാണിച്ചുകൊടുത്തു. കുട്ടി സമ്മ തിച്ച് ചെരുപ്പ് അയാൾക്കുകൊടുത്തു. ഹരികനോബ അത്ഭുത ത്തോടെ ആലോചിച്ചു. തന്റെ തലേക്കെട്ട് കാണാവുന്നത് കൊണ്ട് ബാബ കണ്ടിരിക്കാം. പക്ഷെ എങ്ങനെ ബാബക്ക് തന്റെ പേർ ഹരിയാണെന്നും കനോബയുടെ മകനാണെന്നും മനസ്സിലായി? ഇത് ആദ്യമായി താൻ ഷിർദ്ദിയിൽ വന്നതുമാണ്. അയാൾ ബാബയെ പരീക്ഷിക്കാൻ മാത്രം വന്നവനാണ്. അതുകൊണ്ട് അയാൾക്ക് വേണ്ടതുകിട്ടിയതിനാൽ അയാൾ സന്തുഷ്ടനായി വീട്ടിലേക്കു മടങ്ങി.

**സോമദേവ് സ്വാമി**

ഇനി ബാബയെ പരീക്ഷിക്കാൻ വന്ന മറ്റൊരാളുടെ കഥ കേൾക്കുക. കാക്കാസാഹെബ് ദിക്ഷീതിന്റെ സഹോദരൻ ഭായി ജി, നാഗ്പൂരിൽ താമസിച്ചിരുന്നു. അയാൾ 1906ൽ ഹിമാലയ ത്തിൽ പോയപ്പോൾ ഉത്തര കാശിയിലെ ഗംഗോത്രയിൽവെച്ച് ഹരിദ്വാരയിലെ സോമദേവ് സ്വാമിയുമായി പരിചയപ്പെട്ടു. രണ്ടു പേരും അന്യോന്യം മേൽവിലാസങ്ങൾ കുറിച്ചെടുത്തു. അഞ്ചു കൊല്ലങ്ങൾക്കുശേഷം സോമദേവ് സ്വാമി. നാഗപൂരിൽവന്ന് ഭായി ജീയുടെ വിരുന്നു കാരനായി താമസിച്ചു. അവിടെവെച്ച് ബാബ യുടെ ലീലകൾ കേട്ട് ഷിർദ്ദിയിൽപോയി ബാബയെ കാണാൻ ആഗ്രഹിച്ചു. ഭായിജിയിൽ നിന്ന് ഒരു കത്തുംവാങ്ങി അദ്ദേഹം ഷിർദ്ദിയിലേക്കുപോയി. മന്മാഡിൽനിന്നും കോപ്പർഗാവോണി ലെത്തി ഒരു ട്ടോങ്ക പിടിച്ചു യാത്രയായി. ഷിർദ്ദിക്കടുത്തെത്തിയ പ്പോൾ മസ്ജിദ്ദിൽനിന്ന് ഉയരത്തിൽ കെട്ടിയതായ രണ്ടു വലിയ കൊടിക്കൂറകൾ കണ്ടു. സാധാരണ ഋഷിമാർക്ക് പലതരം സ്വഭാ വവും, പലതരം ജീവിതരീതിയും, പലതരം സജ്ജീകരണങ്ങളും കാണാറുള്ളതാണല്ലോ. ഈ വക പുറം കാഴ്ചകൾകൊണ്ട് ഋഷി

മാരെ വിലയിരുത്താൻ പാടുള്ളതല്ല. പക്ഷെ സോമദേവ് സ്വാമി അങ്ങനെ കരുതിയില്ല. ഈ കൊടികൾ പാറികളിക്കുന്നതുകണ്ട പ്പോൾ അയാൾ വിചാരിച്ചു"എന്തിനാണ് ഒരു യോഗി കൊടിക്കൂറകൾ ഇഷ്ടപ്പെടുന്നത് ? ഇത് യോഗിക്ക് ചേർന്നതാണോ? അത് യോഗിക്ക് കീർത്തിയോടുള്ള ആഗ്രഹമാണ് കാണിക്കുന്നത്". ഇതും വിചാരിച്ച് ഷിർദ്ദി യാത്ര വേണ്ടെന്ന് വെച്ച് താൻ മടങ്ങി പോവുകയാണെന്നും കൂട്ടുകാരോട് പറഞ്ഞു. അവർ അദ്ദേഹ ത്തോട് "പിന്നെ എന്തിനാണ് നിങ്ങൾ ഇത്രയും വന്നത്? കൊടി കണ്ട് ഇത്രയും അസുഖം തോന്നിയാൽ ഷിർദ്ദിയിൽ രഥവും, പല്ലക്കും, കുതിരയും, മറ്റു സജ്ജീകരണങ്ങളും കണ്ടാൽ എത്ര മാത്രം തോന്നണം?" എന്നു ചോദിച്ചു. സ്വാമി അതിന് "ഞാൻ ഇതുവരെ രഥവും, കുതിരയും, മേളവും മറ്റുമുള്ള സാധുക്കളെ കണ്ടിട്ടില്ല. എനിക്ക് അത്തരം സാധുക്കളെ കാണുകയും വേണ്ട. അതുകൊണ്ട് ഞാൻ മടങ്ങിപോവുകയാണ്". എന്നുത്തരം പറഞ്ഞ് മടങ്ങാൻ ഒരുങ്ങി. കൂടെ ഉള്ളവർ അങ്ങനെചെയ്യരു തെന്ന് പറഞ്ഞ് നിർബന്ധിച്ചു. അവർ അദ്ദേഹത്തോട് ദുഷ്ടചി ന്തകൾ ഒഴിവാക്കാനും ബാബക്ക് ഈ വക കാര്യങ്ങളിലൊന്നും ഒരു ശ്രദ്ധയുമില്ലെന്നും ഇതെല്ലാം ഭക്തൻമാർ സ്നേഹം കൊണ്ട് ചെയ്യുന്നതാണെന്നും പറഞ്ഞ് ഒടുവിൽ പ്രേരിപ്പിച്ച് ഷിർദ്ദിയിൽ ചെന്ന് ബാബയെ കാണാൻ സമ്മതിപ്പിച്ചു. അവസാനം അവിടെ ചെന്ന് മുറ്റത്തുനിന്നുകൊണ്ട് ബാബയെ കണ്ടപ്പോഴേക്കും സ്വാമി യുടെ മനസ്സലിഞ്ഞ്, "കണ്ണുനിറഞ്ഞുകൊണ്ട് ഇടറുകയും എല്ലാ ചീത്ത വിചാരങ്ങളും ഇല്ലാതാവുകയു ചെയ്തു. അദ്ദേഹം തന്റെ ഗുരുപറഞ്ഞ" "എവിടെ ശാന്തിയും സമാധാനവും കണ്ടെത്തു ന്നുവോ അവിടെയാണ് അധിവാസത്തിനും വിശ്രമത്തിനുമുള്ള കേന്ദ്രം" എന്ന വാക്കുകൾ ഓർമ്മിച്ചുപോയി. അദ്ദേഹത്തിനും

ബാബയുടെ പാദരേണുക്കളിൽ കിടന്നുരുളണമെന്ന് തോന്നി. ബാബയെ സമീപിച്ചപ്പോൾ ബാബ കോപിച്ച് പറഞ്ഞു. “നമ്മുടെ എല്ലാ വേണ്ടാത്ത സജ്ജീകരണങ്ങളും നമ്മുടെ കൂടെ ഇരിക്ക ട്ടെ. നീ നിന്റെ വീട്ടിലേയ്ക്ക് പൊയ്ക്കോ. ഈ മസ്ജിദ്ദിൽ വീണ്ടും വന്നാൽ സൂക്ഷിച്ചോ. മസ്ജിദ്ദിൽ കൊടി പറപ്പിക്കുന്നവനെ എന്തിനു ദർശനം ചെയ്യണം? ഇത് യോഗിമാർക്ക് പറ്റിയതാണോ? ഇവിടെ ഒരു നിമിഷം നിന്നുപോകരുത്”. സ്വാമി അത്ഭുതംകൊണ്ട് തരിച്ചുനിന്നുപോയി. ബാബ തന്റെ മനസ്സിലുള്ളത് അറിഞ്ഞു വെന്ന് സ്വാമിക്ക് മനസ്സിലായി. എത്രമാത്രം സർവ്വജ്ഞനാണ് ബാബ! സ്വാമിക്ക് താൻ ബുദ്ധിശൂന്യനാണെന്നും ബാബ ഏറ്റവും വിശ്ഷഠനും പരിശുദ്ധനുമാണെന്ന് മനസ്സിലായി. ബാബ ചിലരെ കെട്ടിപിടിക്കുന്നതും, ചിലരെ കൈകൊണ്ട് തൊടുന്നതും, ചിലരെ സമാധാനിപ്പിക്കുന്നതും, ചിലരെ കരുണയോടെ കടാക്ഷിക്കുന്ന തും, ചിലരോട് ചിരിക്കുന്നതും, ചിലർക്ക് ഉധി പ്രസാദം കൊടു ക്കുന്നതും അങ്ങനെ എല്ലാവരെയും സംതൃപ്തരാക്കുന്നതും സ്വാമി കണ്ടു. തന്നോട് മാത്രം ദയയില്ലാതെ പെരുമാറിയത് എന്താ ണ്? അതിനെ പറ്റി നല്ലപോലെ ആലോചിച്ചതിൽ ബാബ തന്റെ മനസ്ഥിതിക്കനുസരിച്ചാണ് ഇങ്ങോട്ട് പെരുമാറിയതെന്ന് ബോദ്ധ്യപെടുകയും താൻ ഇതിൽ നിന്നൊരു പാഠം പഠിക്കുക യാണ് വേണ്ടതെന്നും ബാബയുടെ കോപം യഥാർത്ഥത്തിൽ ഒരു അനുഗ്രഹമായി കരുതണമെന്നും മനസ്സിലാക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ വിശ്വാസം ഉറച്ച് ബാബയുടെ വലിയ ഭക്തനായി തീർന്നു.

**നാനാസഹെബ് ചന്ദോർക്കർ**

നാനാസാഹെബ് ചന്ദോർക്കറുടെ കഥയോടുകൂടി ഹേമ ദ്പാന്ത് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു. മസ്ജിദ്ദിലൊരി

ക്കൽ നാനാസാഹെബ്, മഹൽസാപതിയോടും മറ്റും കൂടി ഇരിക്കുമ്പോൾ ബീജാപ്പൂരിൽ നിന്നും ഒരു മുസൽമാൻ സകുടുംബം ബാബയെ ദർശിക്കാൻ വന്നു. ഗോഷാ സ്ത്രീകളെ അയാളുടെ കൂടെ കണ്ടപ്പോൾ നാനാസാഹെബ് പോവാൻ നോക്കിയെങ്കിലും ബാബ സമ്മതിച്ചില്ല. സ്ത്രീകൾ വന്ന് പാദങ്ങൾ ദർശ്ശനം ചെയ്തു. ഒരു സ്ത്രീ മുഖംമൂടി മാറ്റി ബാബയുടെ പാദങ്ങൾ വണങ്ങി. വീണ്ടും ധരിച്ചപ്പോൾ അവരുടെ അഭൗമമായ സൗന്ദര്യംകണ്ട് നാനാസാഹെബിന് ആമുഖം വീണ്ടും കാണണമെന്ന് തോന്നിപ്പോയി. നാനയുടെ മനശ്ചാഞ്ചല്യമറിഞ്ഞ്, ആ സ്ത്രീകൾ പോയശേഷം ബാബ ഇപ്രകാരം പറഞ്ഞു. “നാനാ ! നീയെന്തിനാണ് വെറുതെ ചഞ്ചലപ്പെടുന്നത്? ഇന്ദ്രിയങ്ങൾ അവക്ക് കല്പിച്ച ചുമതല നിർവ്വഹിച്ചുകൊള്ളട്ടെ, നാം അവയുടെ പ്രവൃത്തിയിൽ ഇടപെടേണ്ട. ദൈവം സുന്ദരമായ ഈ ലോകം സൃഷ്ടിച്ചു. സൗന്ദര്യത്തെ ആസ്വദിക്കൽ നമ്മുടെ ചുമതലയാണ്. മനസ്സ് സുസ്ഥിരവും ശാന്തവുമാകുന്നത്. ക്രമേണ സാവധാനത്തിലാണ്. മുന്നിലെ വാതിൽ തുറന്നിരിക്കെ എന്തിന് പിൻവാതിലിലൂടെ പോകുന്നു? ഹൃദയം ശുദ്ധമാണെങ്കിൽ ഒന്നും വിഷമിക്കാനില്ല. നമ്മിൽ ദുഷ്ടവിചാരമില്ലെങ്കിൽ ഒരാൾ എന്തിന് വേറൊന്നിനെ ഭയപ്പെടുന്നു? കണ്ണുകൾ അവയുടെ കൃത്യം നിർവ്വഹിച്ചതിന് നീയെന്തിന് ലജ്ജാലുവും സംശയാലുവുമാകുന്നു”.

ശാമ അവിടെയുണ്ടായിരുന്നെങ്കിലും, ബാബ പറഞ്ഞതിന്റെ അർത്ഥം അയാൾക്കു മനസ്സിലായില്ല. മടങ്ങിപ്പോവും വഴിക്ക് അയാൾ നാനയോട് സംഗതി എന്തെന്ന് ചോദിച്ചു. നാന ആ സുന്ദരിയെ കണ്ടതും മനശ്ചാഞ്ചല്യം വന്നതും ബാബ അത് സംബന്ധമായി ഉപദേശിച്ച വിവരവും പറഞ്ഞു. നാന ബാബ പറഞ്ഞതിന്റെ അർത്ഥം ഇങ്ങനെ പറഞ്ഞു: “നമ്മുടെ മനസ്സ്

സ്വതവെ ചഞ്ചലമാവാം പക്ഷെ ശരീരത്തെ നിയന്ത്രണാതീതമാക്കരുത്. ഇന്ദ്രിയങ്ങൾ ചഞ്ചലമാവാം പക്ഷെ ശരീരത്തെ നിയന്ത്രണത്തിൽ നിർത്തണം. അസ്വസ്ഥമാവാൻ അനുവദിക്കരുത്. ഇന്ദ്രിയങ്ങൾ വിഷയങ്ങൾക്കു പിന്നാലെ പാഞ്ഞുപോവും. പക്ഷെ നമ്മുടെ മനസ്സ് കൂടെപോയി വിഷയങ്ങളെ ആശിക്കരുത്. ക്രമവും സമാധാനവുമായ പരിശീലനംകൊണ്ട് അസ്വാസ്ഥ്യം ഇല്ലാതാക്കാം. ഇന്ദ്രീയങ്ങൾ നമ്മെ ഇളക്കി വിടരുത്, അതേസമയം അവയെ നിശ്ശേഷം നിയന്ത്രിക്കയുമരുത്. അവസരോചിതമായി ഇന്ദ്രിയങ്ങളെ വേണ്ടുംവിധവും ശരിയായ വഴിക്കും അടക്കി നിർത്താനെ പാടുള്ളൂ. സൗന്ദര്യം കാഴ്ചവസ്തുവാണ്. നാം സുന്ദര വസ്തുക്കളെ നോക്കി ഭയപ്പെടാതെ നോക്കണം. അതിൽ ലജ്ജക്കോ ഭയത്തിനോ സ്ഥാനമില്ല. നാം ദുഷ്ടവിചാരം വളർത്തരുതെന്നു മാത്രമേയുള്ളൂ. മനസ്സിനെ ആഗ്രഹഹീനമാക്കി ഭഗവാന്റെ സൗന്ദര്യവസ്തുക്കളെ കാണുക. ഈ വിധം ഇന്ദ്രിയങ്ങളെ എളുപ്പത്തിലും സ്വാഭാവികമായും നിയന്ത്രിക്കാൻ കഴിയുന്നതും വിഷയങ്ങളെ ആസ്വദിക്കൽ പോലും ഭഗവാനെ സ്മരിക്കാനുള്ള ഉപാധിയാക്കിതീർക്കാവുന്നതുമാകുന്നു. ബാഹ്യേന്ദ്രിയങ്ങൾ മാത്രം നിയന്ത്രിതങ്ങളാക്കി, മനസ്സിനെ വിഷയങ്ങളിൽ വ്യാപരിപ്പിച്ച് അവയിൽ ആസക്തമാക്കിയാൽ നമ്മുടെ ജനനമരണചക്രം അവസാനിക്കുകയില്ല. ഇന്ദ്രിയ വിഷയങ്ങൾ ദോഷകരങ്ങളാണ്. വിവേകമെന്ന തേരാളിയെക്കൊണ്ട് മനസ്സിനെ നിയന്ത്രിച്ചാൽ ഇന്ദ്രിയങ്ങൾ അലഞ്ഞുതിരിഞ്ഞുപോവുകയില്ല. അത്തരം ഒരു തേരാളിയുടെ സഹായത്താൽ നാം അവസാന ആവാസസ്ഥാനമായ വിഷ്ണുപാദത്തിലെത്തി, അവിടെനിന്നു മടങ്ങിപ്പോരാതിരിക്കും".

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !